# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## മലയാളം

**ക്ലാസ്സ് – 3** **സമയം : 2 മണിക്കൂർ 15 മിനിട്ട്**

**കുട്ടിയുടെ പേര്** ..............................................................

**വിദ്യാലയത്തിന്റെ പേര്** ..............................................................

**ഡിവിഷൻ** ..............................................................

**അധ്യാപകന്റെ ഒപ്പ്** ..............................................................

**രക്ഷിതാവിന്റെ ഒപ്പ്** ..............................................................

| നമ്പർ | പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം എഴുതാം | |
| 2 | വരികൾ കൂട്ടിച്ചേർക്കാം | |
| 3 A | വായിക്കാം വരയ്ക്കാം | |
| 3 B | കടങ്കഥ | |
| 4 | പഴഞ്ചൊൽ പൂർത്തിയാക്കൽ | |
| 5 A | അനുഭവ വിവരണം | |
| 5 B | ഡയറി | |
| | ആകെ | |

### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **5** പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതണം. പ്രവർത്തനങ്ങളിലെ ഉപപ്രവർത്തനങ്ങൾ ഉത്തരം എഴുതണം.
- **4, 5** എന്നീ പ്രവർത്തനങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള പ്രവർത്തനങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

### പ്രവർത്തനം – 1 വായിക്കാം എഴുതാം

മലമുകളിലാണ് ഞാൻ ജനിച്ചത്. കൊല്ലവും തീയതിയുമൊന്നും എനിക്കറിയില്ല. എന്റെ ഇന്നത്തെ വലിപ്പമൊന്നും അന്നെനിക്കില്ലായിരുന്നു. ഒരു ചെറിയ നീർച്ചാല്. ഒഴുകുന്തോറും വീതിയും ആഴവും കൂടി. അങ്ങനെ വലുതായി വലുതായി ഇന്നത്തെ രൂപത്തിലെത്തി. വരുന്ന വഴിയ്ക്ക് എത്രയെത്ര ചാട്ടങ്ങൾ ! തടസ്സം നിന്ന കല്ലുകക്കും പാറകൾക്കും മുകളിലൂടെ ഒഴുകി എന്റെ വഴി ഞാൻ തന്നെയാണ് കണ്ടുപിടിച്ചത്. അനേകതരം മത്സ്യങ്ങൾക്ക് ഞാൻ അഭയം നൽകി. കടന്നുപോകുന്ന നാടുകളിലെല്ലാം കുടിക്കാനും കുളിക്കാനും കൃഷിചെയ്യാനും ഞാൻ സഹായിച്ചു.

© State Assessment Cell - SCERT Kerala

മഴക്കാലത്ത് ഞാൻ നിറഞ്ഞ് കുതിച്ചൊഴുകി. വേനലിൽ ഞാൻ മെലിഞ്ഞു തളർന്നൊഴുകി. എന്റെ യാത്ര കടലിലേക്കാണ്.

a) എവിടെയാണ് പുഴ ജനിച്ചത്?

**A.** കടലിൽ

**B.** കാട്ടിൽ

**C.** മലമുകളിൽ

**D.** നാട്ടിൽ

b) വെള്ളം എന്ന അർഥം പ്രയോഗിച്ചുള്ള പദം ഏത്?

**A.** നീര്

**B.** അഭയം

**C.** ആഴം

**D.** മത്സ്യം

c) ജനിച്ചപ്പോൾ പുഴ എങ്ങനെയായിരുന്നു?

**A.** വലിയവെള്ളച്ചാട്ടം പോലെ

**B.** ചെറിയ നീർച്ചാലുപോലെ

**C.** വലിയൊരു പാറ പോലെ

**D.** ചെറിയ കല്ലു പോലെ

© State Assessment Cell - SCERT Kerala

d) വേനലിൽ ഞാൻ മെലിഞ്ഞു തളർന്ന് ഒഴുകി എന്ന് പറയുന്നതിലൂടെ എന്തായിരിക്കാം പുഴ ഉദ്ദേശിക്കുന്നത്?

**A.** ഏറെ നേരം ഒഴുകിയതിനാൽ പുഴ മെലിഞ്ഞു.

**B.** വേനൽക്കാലത്ത് വെള്ളം വറ്റിയതിനാൽ പുഴയുടെ ഒഴുക്ക് കുറഞ്ഞു.

**C.** കല്ലുകൾക്കും പാറകൾക്കും മുകളിലൂടെ ഒഴുകിയതിനാൽ പുഴ മെലിഞ്ഞു.

**D.** വീതിയും ആഴവും കൂടിയതിനാൽ പുഴ മെലിഞ്ഞു.

e) പുഴക്ക് ഒഴുകാൻ തടസ്സം നിന്നതാര്?

**A.** പാറ

**B.** മത്സ്യം

**C.** മരം

**D.** മല

**പ്രവർത്തനം 2 വരികൾ കൂട്ടിച്ചേർക്കാം**

അത്തിമരക്കാട്ടിൽ ഉത്സവം തുടങ്ങി. കാട്ടിലെ കൂട്ടുകാരെല്ലാം ഉത്സവം കാണാനെത്തി. അവർ പാടിയ പാട്ടിന്റെ ആദ്യ വരികളാണ് ചുവടെയുള്ളത്. കൂടുതൽ വരികൾ എഴുതിച്ചേർക്കൂ.

കവിത വായിക്കൂ.

© State Assessment Cell - SCERT Kerala

കവിതയുടെ താളത്തിൽ  എഴുതി നോക്കൂ

അത്തിമരക്കാടുകളിൽ ഉത്സവമാണേ

ഉത്സവം കൂടുവാൻ കൂട്ടുകാർ വന്നേ

പീലിവിരിച്ചാടിയ മയിലുകൾ വന്നേ

..............................................................................

..............................................................................

..............................................................................

**പ്രവർത്തനം 3 സംഭാഷണം എഴുതാം**

കാട്ടിലെ ഉത്സവത്തിൽ പങ്കെടുത്ത സന്തോഷത്തിലാണ് കുഞ്ഞരിപ്രാവ്. വിശേഷങ്ങൾ പങ്കുവക്കാനായി അവൾ നാട്ടിലെ കൂട്ടുകാരിയായ വെള്ളരിപ്രാവിന്റെ അടുത്തെത്തി. അവർ എന്തൊക്കെ സംസാരിച്ചിട്ടുണ്ടാകും.

വെള്ളരിപ്രാവ്  :  നീ ഇന്ന് സന്തോഷത്തിലാണല്ലേ.

കുഞ്ഞരിപ്രാവ് :

**പ്രവർത്തനം – 4 വായിക്കാം  വരയ്ക്കാം/കടങ്കഥ**

അമ്പിളി തെളിയും മാനത്ത്

ആമ്പൽ വിരിയും താഴത്ത്

സൂര്യനുദിക്കും മാനത്ത്

സൂര്യകാന്തികൾ താഴത്ത്

മഴവില്ല് തെളിയും മാനത്ത്

മാനും മയിലും താഴത്ത് കവിത

© State Assessment Cell - SCERT Kerala

**4(A)** കവിത വായിക്കൂ. മാനത്തും താഴത്തുമുള്ള എന്തെല്ലാം കാര്യങ്ങളാണ് കവിതയിൽ ഉള്ളത്? എഴുതി നോക്കൂ.

| മാനത്തുള്ളവ | താഴത്തുള്ളവ |
| --- | --- |
| • അമ്പിളി | • ആമ്പൽ |
| • | • |
| • | • |

കവിതയിൽ നിങ്ങൾക്കിഷ്ടപ്പെട്ട സന്ദർഭം ഉൾപ്പെടുത്തി ഒരു ചിത്രം വരക്കൂ, നിറം നൽകൂ.

**അല്ലെങ്കിൽ**

**4(B)** കടങ്കഥ

മാനത്തെയും താഴത്തെയും കാഴ്ചകൾ കവിതയിൽ കണ്ടില്ലേ.

മാനത്തെ കാഴ്ചകൾ ഉത്തരമായി വരുന്ന ചില കടങ്കഥകളാണ് ചുവടെയുള്ളത്.

കടങ്കഥക്ക് ഉത്തരം കണ്ടെത്തൂ.

- കിഴക്കുകാണാം കാലത്ത്
  തലയ്ക്ക് മീതെ ഉച്ചയ്ക്ക്
  കടലിൽ താഴും വൈകിട്ട്
  ശരിക്കു പറയൂ ഞാനാര്?

© State Assessment Cell - SCERT Kerala

- കരയില്ലാക്കടലിലെ കൊച്ചുതോണി

  തുഴയില്ലാതോടുന്ന കൊച്ചു തോണി

- മാനത്തെ മറ്റൊരു കൂട്ടുകാരനായ നക്ഷത്രം ഉത്തരമായി വരുന്ന ഒരു കടങ്കഥ തയ്യാറാക്കൂ.

**പ്രവർത്തനം 5(A) അനുഭവ വിവരണം**

ഈ വർഷം സ്കൂളിലേയ്ക്കുള്ള കൂട്ടുകാരുടെ വരവ് ഗംഭീരമായിരുന്നില്ലേ. എന്തെല്ലാം പരിപാടികളായിരുന്നു പ്രവേശനോത്സവവുമായി ബന്ധപ്പെട്ട് സ്കൂളിൽ ഒരുക്കിയിരുന്നത്? അവധിക്കുശേഷം കൂട്ടുകാരെ കണ്ടുമുട്ടിയപ്പോൾ എന്തൊക്കെ വിശേഷങ്ങളാണ് നിങ്ങൾ പങ്കുവച്ചത്? സ്കൂളിൽ കണ്ട ഏറ്റവും ഇഷ്ടപ്പെട്ട അലങ്കാരം/സംഭവം എന്തായിരുന്നു. ആ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി ഈ വർഷത്തെ ആദ്യ സ്കൂൾ ദിനാനുഭവം വിവരണമായി എഴുതൂ.

© State Assessment Cell - SCERT Kerala

**അല്ലെങ്കിൽ**

**5(B) ഡയറി**

ഈ വർഷത്തെ പ്രവേശനോത്സവ വിശേഷങ്ങൾ ഡയറികുറിപ്പായി എഴുതൂ.

© State Assessment Cell - SCERT Kerala